**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായ ശ്രീമതി.ഷീജ.എസ്- പലിശരഹിത മെഡിക്കൽ അഡ്വാൻസ് [illegible] അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 679/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 21.03.2019

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 10.01.2019 തീയതിയിലെ ഡിസി1-28293/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഷീജ എസ് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് അഞ്ച് ലക്ഷം രൂപ പലിശരഹിത വായ്പയായി അനുവദിക്കുന്നതിന് എക്സ്പെൻഡിച്ചർ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരസാഹചര്യം പരിഗണിച്ച് നഗരസഭാ മേയറുടെ മുൻകൂർ അനുമതിയോടെയും നഗരസഭാകൗൺസിൽ അംഗീകാരത്തോടെയും 3,75,000/- രൂപ ( മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) നഗരസഭാ ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയതായും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മുൻകൂറായി തുക അനുവദിച്ച നടപടിക്ക് സാധൂകരണം നൽകുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും നഗരകാര്യഡയറക്ടർ പരാമർശം കത്ത് പ്രകാരം സമർപ്പിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഷീജ എസ് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് പലിശരഹിത വായ്പയ്ക്ക് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരസാഹചര്യം പരിഗണിച്ച് നഗരസഭാ കൗൺസിൽ അംഗീകാരത്തോടെയും നഗരസഭാ മേയറുടെ മുൻകൂർ അനുമതിയോടെയും 3,75,000/- രൂപ ( മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) നഗരസഭാ ഫണ്ടിൽനിന്നും മുൻകൂറായി അനുവദിച്ച് നൽകിയ നടപടിക്ക്, ഇപ്രകാരം മുൻകൂറായി അനുവദിച്ച തുക സമയപരിധിയ്ക്കുള്ളിൽ മെഡിയ്ക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ അഡ്ജസ്റ്റ് ചെയ്യണമെന്നും ചെലവഴിയ്ക്കാത്ത തുകയുണ്ടെങ്കിൽ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.ഷീജ എസ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, കൊല്ലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ